**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **26-07-2021 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം-പോരുമ്പൻകുത്ത് റോഡ് (പഴയ ആലുവ-മൂന്നാർ രാജപാത) പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം പെരുമ്പൻകുത്ത് റോഡിൽ ചെയിനേജ് 11/300 മുതൽ 19/000 വരെയുള്ള ഭാഗത്തെ 86% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | ആലുവയിൽ നിന്നും ആരംഭിച്ച് കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി, തോൾനട, കുഞ്ചിയാറ്, കരിന്തിരി, പെരുമ്പൻകുത്ത്, മാങ്കുളം, 50-ാം മൈൽ വഴി മൂന്നാറിലെത്തുന്ന പ്രസ്തുത റോഡ് 1924-ലെ വെള്ളപ്പൊക്കം (99-ലെ വെള്ളപ്പൊക്കം) മൂലം കരിന്തിരിമല ഇടിഞ്ഞ് സഞ്ചാര യോഗ്യമല്ലാതായിത്തീർന്ന ശേഷം പുനർനിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 924-ലെ വെള്ളപ്പൊക്കം മൂലം കരിന്തിരി മല ഇടിഞ്ഞ് ഈ പാത സഞ്ചാര യോഗ്യമല്ലാതായതിനു ശേഷം പുനർ നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലത്തു നിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇതിൽ പൂയംകുട്ടി (കി.മീ. 28/000) ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയും, അതു വഴി റോഡ് വികസനത്തിന് അനുവാദം ലഭിച്ചിട്ടില്ലാത്തതുമാണ്. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെ വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങൾ ഇല്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവ് ഉള്ളതായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിനും പൂയംകുട്ടിക്കും ഇടയിൽ മല ഇടിഞ്ഞതോടെയാണ് വനം വകുപ്പ് അടച്ചത്. |
| (സി) | മൂന്നാർ വിനോദ സഞ്ചാര മേഖലയിലേക്ക് 20 കി.മി ദൂരത്തിലധികം കുറവ് വരുന്നതും കയറ്റിറക്കങ്ങൾ ഇല്ലാത്തതും ടൂറിസം വികസനത്തിന് വലിയ സാധ്യത തുറന്നുതരുന്നതുമായ പ്രസ്തുത റോഡ് പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കിയാൽ കോതമംഗലത്തെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടമ്പുഴ, പൂയംകുട്ടി, കല്ലേലിമേട്, ഉരുളൻ തണ്ണി, പിണവൂർകുടി തുടങ്ങിയ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുതകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 924-ലെ വെള്ളപ്പൊക്കം മൂലം കരിന്തിരി മല ഇടിഞ്ഞ് ഈ പാത സഞ്ചാര യോഗ്യമല്ലാതായതിനു ശേഷം പുനർ നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലത്തു നിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇതിൽ പൂയംകുട്ടി (കി.മീ. 28/000) ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയും, അതു വഴി റോഡ് വികസനത്തിന് അനുവാദം ലഭിച്ചിട്ടില്ലാത്തതുമാണ്. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെ വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങൾ ഇല്ലാതെ |

| | | | |
|---|---|---|---|
| | | | മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവ് ഉള്ളതായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിനും പൂയംകുട്ടിക്കും ഇടയിൽ മല ഇടിഞ്ഞതോടെയാണ് വനം വകുപ്പ് അടച്ചത്. |
| (ഡി) | കേരളത്തിന്റെ സമഗ്ര ടൂറിസം വികസനത്തോടൊപ്പം മൂന്നാറിലേക്കുള്ള സമാന്തര പാതയായും കൂടി ഉപയോഗിക്കുവാൻ കഴിയുന്ന പ്രസ്തുത റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഈ റോഡ് തുറക്കണമെന്ന് കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി റോഡ് വികസനം സംബന്ധിച്ച ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ